# സംസ്ഥാനത്ത് മുന്നാക്കവിഭാഗവികസനവകുപ്പ് രൂപീകരിക്കണം

സംസ്ഥാനജനസംഖ്യയുടെ 30 ശതമാനത്തോളം വരുന്ന സംവരണേതരസമുദായങ്ങളിൽപ്പെടുന്ന ജനങ്ങളുടെ ക്ഷേമത്തിനായി നിലവിൽ മുന്നാക്കസമുദായക്ഷേമകോർപ്പറേഷൻ എന്ന പേരിൽ ഒരു കോർപ്പറേഷൻ മാത്രമാണ് സംസ്ഥാനത്ത് ഉള്ളത്. 2012-ൽ ഏക ഓഫീസുമായി തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തനമാരംഭിച്ച ഈ കോർപ്പറേഷന് കാസർഗോഡ് ജില്ല വരെയുള്ള ജനവിഭാഗങ്ങളുടെ ക്ഷേമകാര്യങ്ങളിൽ പരിമിതമായ ഇടപെടലുകൾ മാത്രമെ ഇപ്പോൾ നടത്തുവാൻ കഴിയുന്നുള്ളു.

പട്ടികജാതിവികസനവകുപ്പ്, പട്ടികവർഗ്ഗവികസനവകുപ്പ്, ന്യൂനപക്ഷക്ഷേമവകുപ്പ്, പിന്നാക്കവിഭാഗവികസനവകുപ്പ് തുടങ്ങി നിരവധി വകുപ്പുകൾ പൊതുഭരണസെക്രട്ടേറിയറ്റിനു കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. സംവരണേതരസമുദായങ്ങളുടെ ഉന്നമനത്തിനായി മുന്നാക്കവിഭാഗവികസനവകുപ്പ് എന്ന പേരിൽ ഒരു പ്രത്യേക വകുപ്പുകൂടി രൂപീകരിക്കണമെന്നുള്ളത് ഈ വിഭാഗത്തിൽപ്പെടുന്ന ജനതയുടെ ദീർഘനാളത്തെ ആവശ്യമാണ്.

വിവിധ പദ്ധതികളിലായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽനിന്നുള്ള ഗുണഭോക്താക്കൾക്ക് മുന്നാക്കസമുദായക്ഷേമകോർപ്പറേഷൻ (സമുന്നതി)വഴി ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതുണ്ട്. എന്നാൽ മാനേജിംഗ് ഡയറക്ടറേയും സെക്രട്ടേറിയറ്റിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതരാകുന്ന നാല് ഉദ്യോഗസ്ഥരെയും മാത്രമാണ് സ്റ്റാഫ് ഇനത്തിൽ കോർപ്പറേഷന്റെ പ്രവർത്തനത്തിനായി അനുവദിച്ചിട്ടുള്ളത് എന്നറിയുന്നു. കൂടുതൽ ഉദ്യോഗസ്ഥരുടെ അഭാവംമൂലം പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ സാധിക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. വകുപ്പുരൂപീകരണത്തിലൂടെ മേഖല-ജില്ലാ ഓഫീസുകളുടെ സഹായത്താൽ വികേന്ദ്രീകൃതഭരണരീതി അവലംബിച്ച് ഈ ബുദ്ധിമുട്ട് മറികടക്കാവുന്നതാണ്.

ഫണ്ട് പിൻവലിച്ചുനല്കുന്നതിന് Drawing & Disbursing Officer ഇല്ല എന്നുള്ളതാണ് കോർപ്പറേഷൻ അഭിമുഖീകരിക്കുന്ന മറ്റൊരു ബുദ്ധിമുട്ട്. യഥാസമയം ഫണ്ട് പിൻവലിച്ച് കോർപ്പറേഷന്റെ അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുള്ള കാലതാമസവും പദ്ധതികളുടെ നടത്തിപ്പിനെ സാരമായി ബാധിക്കുന്നുണ്ട്. വകുപ്പുരൂപീകരണത്തിലൂടെ മാത്രമേ ഈ പ്രതിസന്ധിയും മറികടക്കാൻ ആവുകയുള്ളൂ. കൂടാതെ അപേക്ഷ സമർപ്പിക്കുന്നതിനും അന്വേഷണങ്ങൾക്കും പരാതിപരിഹാരത്തിനും മറ്റുമായി കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് തുടങ്ങിയ വടക്കൻ ജില്ലകളിൽനിന്നും അപേക്ഷകർക്ക് തിരുവനന്തപുരത്തെ കോർപ്പറേഷൻ ഓഫീസിൽ നേരിട്ട് എത്തേണ്ട ദുരവസ്ഥയും ഉണ്ട്. ഡയറക്ടറേറ്റ് സംവിധാനം അവലംബിച്ചാൽ മാത്രമേ മെച്ചപ്പെട്ട സേവനം ഉറപ്പാക്കിക്കൊണ്ട് സംവരണേതരസമുദായാംഗങ്ങളുടെ ക്ഷേമം സർക്കാരിന് ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ.

സിൻഹു കമ്മീഷൻ റിപ്പോർട്ട്, വിവിധ കേന്ദ്രാവിഷ്കൃതപദ്ധതികളുടെ നടത്തിപ്പ്, സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന സംവരണേതരവിഭാഗത്തിൽപ്പെടുന്നവർക്ക് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 10% സംവരണം നടപ്പിലാക്കുന്നതു സംബന്ധിച്ച വിഷയങ്ങൾ, മുന്നാക്കസമുദായക്ഷേമകോർപ്പറേഷന്റെ പ്രവർത്തനങ്ങൾ, മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരളസംസ്ഥാനകമ്മീഷന്റെ പ്രവർത്തനം, വിവിധ കേന്ദ്ര-സംസ്ഥാനപദ്ധതികളുടെ ആസൂത്രണം, നടത്തിപ്പ്, ഏകോപനം എന്നിവയ്ക്കുമായി സംസ്ഥാന സർക്കാരിന്റെ Rules of Business-ൽ ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് മുന്നാക്കവിഭാഗവികസനവകുപ്പ് രൂപീകരിക്കുന്നതിലൂടെ മാത്രമേ മേല്പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ സാധിക്കുകയുള്ളൂ.

ഭരണസൗകര്യാർത്ഥം പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുകയും മേഖലാ/ജില്ലാ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുകയുംവഴി, സമഗ്രവും സമ്പൂർണ്ണവും കാര്യക്ഷമവുമായ ഇടപെടലുകൾ ഈ മേഖലയിൽ സാധ്യമാകും. ആയതിനാൽ സംസ്ഥാനത്ത് മുന്നാക്കസമുദായങ്ങളുടെ ഉന്നമനത്തിനായി മുന്നാക്കവിഭാഗവികസനവകുപ്പ് അടിയന്തിരമായി രൂപീകരിക്കേണ്ടത് അനിവാര്യമാണ്.